850

©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വെള്ളി<br>Thiruvananthapuram,<br>Friday | 2016 ഡിസംബർ 9<br>9th December 2016<br>1192 വൃശ്ചികം 24<br>24th Vrischikam 1192<br>1938 അഗ്രഹായനം 18<br>18th Agrahayana 1938 | നമ്പർ<br>No. 2139 |

## കേരള സർക്കാർ

### മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

### വിജ്ഞാപനം

സ.ഉ.(അച്ചടി) നമ്പർ 20/2016/മതുവ. തിരുവനന്തപുരം, *2016 നവംബർ 23*
*1192 വൃശ്ചികം 8.*

**എസ്. ആർ. ഒ. നമ്പർ 746/2016.**—2014-ലെ കേരള മത്സ്യവിത്ത് ആക്റ്റ് (2015-ലെ 4-ാം ആക്റ്റ്)-ലെ 38-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ 2016 ഫെബ്രുവരി 8-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 3/2016/മ.തു.വ. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചതും 2016 ഫെബ്രുവരി 8-ാം തീയതിയിലെ 300-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 121/16 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിലേക്കായി താഴെ പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.
33/4041/2016/S-19.

## ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2016-ലെ കേരള മത്സ്യവിത്ത് (ഭേദഗതി) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങളുടെ ഭേദഗതി.—2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങളിൽ 22-ാം ചട്ടത്തിന്റെ (2)-ാം ഉപചട്ടത്തിന്റെ ക്ലിപ്ത നിബന്ധനയിൽ "പൊതു ലേലത്തിലൂടെ വിറ്റഴിച്ച" എന്ന വാക്കുകൾക്കുശേഷം "വില്പനനടത്തുക" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജെയിംസ് വർഗ്ഗീസ്,

*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 ഫെബ്രുവരി 8-ാം തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 3/2016/മ.തു.വ. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചതും 2016 ഫെബ്രുവരി 8-ാം തീയതിയിലെ 300-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 121/16 ആയി പ്രസിദ്ധപ്പെടുത്തിയതുമായ 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട വിഷയനിർണ്ണയ സമിതി 2015 നവംബർ 25-ാം തീയതിയിലെ യോഗത്തിൽ നിർദ്ദേശിച്ച ഭേദഗതികളിൽ വിട്ടുപോയവ കൂട്ടിച്ചേർക്കുന്നതിനായി 2016-ലെ കേരള മത്സ്യവിത്ത് ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.